മാതൃഭൂമി EA

July 8, 2016

## സി.എം.എഫ്.ആർ.ഐ. പഠന റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചു

# കടലിൽ മത്തി ഇല്ല; നഷ്ടം 150 കോടി

**കൊച്ചി:** കഴിഞ്ഞ വർഷം സംസ്ഥാനത്ത് മത്തി ലഭ്യത കുറഞ്ഞതു വഴി 150 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടത്തിയ പഠന റിപ്പോർട്ട്.

മത്തിക്ഷാമം മൂലം മത്സ്യമേഖലയിൽ 28.2 ശതമാനം തൊഴിൽ കുറഞ്ഞു. മത്തിവിലയിൽ 60 ശതമാനം വർധന ഉണ്ടായതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം വ്യക്തമാക്കുന്നു.

മത്സ്യമേഖല മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ സി.എം.എഫ്.ആർ.ഐ.യിൽ വിളിച്ചുചേർത്ത, ഗവേഷണ സ്ഥാപനങ്ങളുടെ യോഗത്തിലാണ് മത്തിയുടെ കുറവുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് സി.എം.എഫ്.ആർ.ഐ. മന്ത്രിക്ക് സമർപ്പിച്ചത്.

മത്തിയുടെ ലഭ്യത കുറയുന്നതിനുള്ള കാരണങ്ങളും



സി.എം.എഫ്.ആർ.ഐ. കണ്ടെത്തിയിട്ടുണ്ട്. അതിരു കടന്ന മത്സ്യബന്ധനം, മത്തിയുടെ പ്രജനന സമയത്തിലെ മാറ്റം, എൽനിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് തുടങ്ങിയവയാണ് മത്തി കുറയുന്നതിനുള്ള പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

2010-2012 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുത്തത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്തി കുറയുന്നതിന് ഒരു പ്രധാന കാരണമാണെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറി എൺവയൺമെൻറ് ആൻഡ് മാനേജ്മെൻറ് ഡിവിഷൻ മേധാവി ഡോ. വി. കൃപയുടെ നേതൃത്വത്തിലായിരുന്നു പഠനം.

ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രവിദ്യകരം യഥാസമയം മത്സ്യത്തൊഴിലാളികളിലേക്കും കർഷകരിലേക്കും എത്തിക്കുന്നതിന് സ്ഥിരം സംവിധാനം കൊണ്ടുവരുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച മന്ത്രി പറഞ്ഞു.